കേരളകൗമുദി

12 September 1975

# ഉല്പാദന വികസനത്തിന് ശാസ്ത്രം ഉപകരിക്കണം

## ചെമ്മീൻ വളർത്തൽ ഗവേഷണകേന്ദ്രം ഷാനവാസ്ഖാൻ ഉദ്ഘാടനം ചെയ്തു

കൊച്ചി, സെപ്തം: 11—എല്ലാ മേഖലകളിലും ഉല്പാദനം വർദ്ധിപ്പിക്കുക എന്നുള്ളതാണ് ഇന്നത്തെ അടിയന്തരാവശ്യമെന്നും, അതിൽ ശാസ്ത്രത്തിനും സാങ്കേതികവിദ്യക്കും പ്രധാനമായ പങ്കു വഹിക്കുവാനുണ്ടെന്നും കേന്ദ്ര കൃഷിവകുപ്പുസഹമന്ത്രി ഷാനവാസ്ഖാൻ അഭിപ്രായപ്പെട്ടിരിക്കുന്നു.

ശാസ്ത്രീയ രീതിയിൽ ചെമ്മീൻ വളർത്തുന്നതിനെക്കുറിച്ച് പരീക്ഷണങ്ങൾ നടത്തുന്നതിനായി കേന്ദ്ര മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഞാറയ്ക്കലിൽ സ്ഥാപിച്ചിട്ടുള്ള ചെമ്മീൻ വളർത്ത് ഗവേഷണശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സമുദ്രോൽപ്പന്നങ്ങൾ കൃത്രിമമായി വളർത്തിയെടുക്കുവാനുള്ള സങ്കേതങ്ങൾ കൂടി തേടേണ്ടതിന്റെ പ്രാധാന്യം കേന്ദ്രമന്ത്രി ഊന്നിപ്പറഞ്ഞു.

ചെമ്മീൻ പിടുത്തത്തിന്റെ അറുപതു ശതമാനവും കേരളത്തിൽ നടക്കുന്നതുകൊണ്ട് ഇവിടെയാണ് അതിനെ വളർത്തിയെടുക്കുവാൻ പറ്റിയ സാഹചര്യമുള്ളത്.

മത്സ്യം വളരുന്നതിനും പെരുകുന്നതിനുമുള്ള സാഹചര്യങ്ങൾ നശിപ്പിച്ചുകൊണ്ട് മത്സ്യബന്ധനം നടത്തരുതെന്ന് യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ച മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡവലപ്പ്മെന്റ് അതോറിറ്റി വൈസ് ചെയർമാൻ ആർ. മാധവൻനായർ അഭിപ്രായപ്പെട്ടു.

കൊച്ചിയിലെ സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഇ. ജി. സൈലാസ് സ്വാഗതവും കെ. എച്ച്. മുഹമ്മദ് കൃതജ്ഞതയും പറഞ്ഞു.